**കേരള ശാസ്ത്രസാഹിത്യ പരിഷത്ത്**

# ലൂക്ക

www.luca.co.in

**ജീവിതത്തിന്റെ നാനാതുറകളിൽപ്പെട്ടവർ ശാസ്ത്രം ആഘോഷമാക്കുന്ന ഏതാനും ആഴ്ചകൾ നമുക്ക്  വിഭാവനം ചെയ്താലോ?**



## ശാസ്ത്രം പ്രവർത്തനത്തിൽ

# SCIENCE IN ACTION

## ആഗസ്റ്റ് 20 – നവംബർ 14

**ദേശീയ ശാസ്ത്രാവബോധദിനം മുതൽ ശിശുദിനം വരെ വിപുലമായ പരിപാടികൾ**

1. Join Science Chain
   ശാസ്ത്രമെഴുതാം, കണ്ണിചേരാം
2. Ask.Luca.co.in
   ലൂക്കയോട് ചോദിക്കാം
3. യുറീക്ക ശാസ്ത്രോത്സവം
   ശാസ്ത്രം ചെയ്യാം
4. വായിച്ചാലും വായിച്ചാലും തീരാത്ത പുസ്തകം
   പ്രകൃതിനിരീക്ഷണം
5. ശാസ്ത്രം അതിജീവനത്തിന്
   കാലാവസ്ഥാ വ്യതിയാനവും കേരളവും-ആശയമേള
6. ഇത് ശാസ്ത്രമല്ല
   അശാസ്ത്രീയത കണ്ടെത്തൽ
7. ശാസ്ത്രം ശ്രവിക്കാം
   പോഡ്കാസ്റ്റ് /വീഡിയോ പരമ്പര
8. ശാസ്ത്രപുസ്തകങ്ങൾ
   ലോകത്തെ മാറ്റിമറിച്ച ശാസ്ത്രപുസ്തകങ്ങൾ
9. Science In Action for Covid19-ലൂക്ക കുറിപ്പുകൾ
   കോവിഡ് പ്രതിരോധത്തിന്റെ ശാസ്ത്രഗാഥ



#ScienceInAction

ശാസ്ത്രം  അറിവിന്റെ ആനന്ദമാണ്.വിസ്മയങ്ങളുടെയും നിഗൂഢതകളുടെയും  കലവറകളാണ് നമുക്ക് ചുറ്റും.  പ്രപഞ്ചം, പ്രകൃതി, പദാർത്ഥം, സമൂഹം, ചരിത്രം, സംസ്കാരം.. അവ എന്തെന്നും എങ്ങിനെയെന്നും എന്തുകൊണ്ടെന്നും അറിയുക, നമ്മൾക്ക് അവയോടുള്ള ബന്ധമെന്തെന്ന് മനസ്സിലാക്കുക. ശാസ്ത്രത്തിനാണ് ആ വെളിച്ചം നല്കാനാകുക. സഹജീവികളോടൊത്തുള്ള നമ്മുടെ ജീവിതയാത്രയിൽ ആത്മവിശ്വാസത്തോടെ മുന്നേറാൻ ഈ വെളിച്ചമാണ് നമ്മുടെ കരുത്ത്.

ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവും മനുഷ്യന്റെ നിലനില്പിന് തന്നെ വെല്ലുവിളിയായി  നമ്മുടെ മുമ്പിലെത്തിക്കഴിഞ്ഞു. നാം ഇന്നുഭവിക്കുന്ന പ്രകൃതി ദുരന്തങ്ങൾ, മഹാമാരികൾ, ഇവയിൽ പലതും അതുമായി ബന്ധപ്പെട്ടതാണ്. അവയോടൊപ്പം സാമൂഹ്യമായ ഒട്ടേറെ  പ്രശ്നങ്ങളും. ഇവയെ മനസ്സിലാക്കാനും അതിജീവിക്കാനും നമ്മുടെ കയ്യിലുള്ള മാർഗ്ഗം ശാസ്ത്രവും മാനവികതയുമാണ്. അറിവിന്റെ വെളിച്ചമേകാൻ ശാസ്ത്രവും ഒത്തുചേരാനും ചേർത്തു പിടിക്കാനും മാനവികതയും. കോവിഡ്കാലത്ത് എവിടെയും വെളിവാക്കപ്പെട്ട ഒരു വസ്തുതയുണ്ട്. ശാസ്ത്രത്തെ തന്നെയാണ്  അന്തിമമായി തെരെഞ്ഞെടുക്കേണ്ടതെന്ന് അധികാരികളും ജനങ്ങളും പുരോഹിതർ തന്നെയും തിരിച്ചറിയുന്നു എന്നതാണത്.


**ജീവിതത്തിന്റെ നാനാ തുറകളിൽപ്പെട്ടവർ ശാസ്ത്രം ആഘോഷമാക്കുന്ന ഏതാനും ആഴ്ചകൾ നമുക്ക്  വിഭാവനം ചെയ്താലോ?** കൂടുതൽ അറിയാൻ, അറിവ് പങ്കുവെക്കാൻ, അറിവ് തുണയാകാൻ, അറിവ് വഴികാട്ടാൻ ശാസ്ത്രത്തിന്റെ വഴിയിലൂടെ.. ശാസ്ത്രമെഴുത്ത്, ശാസ്ത്രപുസ്തക പരിചയം, പ്രകൃതിനിരീക്ഷണങ്ങൾ, ശാസ്ത്ര പരീക്ഷണങ്ങൾ, പ്രശ്നോത്തരികൾ, പ്രോജക്ടുകൾ, പ്രഭാഷണങ്ങൾ, അനിമേഷനുകൾ.
മൂന്ന് മാസത്തോളം നീണ്ടുനിൽക്കുന്ന പരിപാടികൾ, ഘട്ടങ്ങളായി, ഓൺലൈൻ  മാഗസിനുകളിൽ, ശാസ്ത്രമാസികകളിൽ, നവമാധ്യമങ്ങളിൽ, വിദ്യാഭ്യാസ വേദികളിൽ, നാട്ടു ചർച്ചകളിൽ...

**വിജ്ഞാന വീഥിയിലെ ഇരുട്ടകറ്റാനുള്ള ശ്രമത്തിനിടയിൽ  നരേന്ദ്രധാബോൽക്കർ വെടിവെച്ച് വീഴ്ത്തപ്പെട്ട ദിവസം തുടങ്ങാം. (ആഗസ്റ്റ് 20). സ്വതന്ത്ര ഇന്ത്യയുടെ പുരോഗതി ശാസ്ത്രവിജ്ഞാനം, സാങ്കേതികവിദ്യ, ജനങ്ങളുടെ ശാസ്ത്രബോധം ഇവയിലൂന്നിയേ സാധ്യമാകൂ എന്ന് വിശ്വസിക്കയും അതിനായി യത്നിക്കയും ചെയ്ത പ്രഥമപ്രധാനമന്ത്രി ജവഹർലാൽ നെഹ്രുവിന്റെ ജന്മദിനം(നവംബർ14) വരെ ഈ  പരിപാടികൾ തുടരാം.**ജീവിതവുമായി നേരിട്ട് ബന്ധപ്പെടുന്നവിഷയങ്ങളിൽ കാമ്പയിനുകളും   ക്രിയാത്മകമായപരിപാടികളും തുടർന്നുണ്ടാവുകയാണ് ലക്ഷ്യം.

Science as Method
Science as knowledge
Science as outlook

ലൂക്ക
www.luca.co.in

SCIENCE
IN ACTION



#ScienceInAction

## 1

### Make the Chain
### ശാസ്ത്രമെഴുതാം, കണ്ണിചേരാം

വിവിധ ശാസ്ത്ര വിഷയങ്ങളിൽ കുറിപ്പുകളെഴുതി , അതുപോലെ മറ്റ് കുറിപ്പുകളെഴുതാൻ മൂന്ന് സുഹൃത്തുക്കളോട് ആവശ്യപ്പെടുന്ന ഫേസ്ബുക്ക് ശാസ്ത്രമെഴുത്ത് പരിപാടി. എല്ലാത്തിന്റെയും ഹാഷ്ടാഗ് #ScienceInAction #JoinScienceChain എന്നായിരിക്കും. ശ്രദ്ധേയമായ കുറിപ്പുകൾ ലൂക്കയിൽ പ്രസിദ്ധീകരിക്കും.

- *നാല് ഘട്ടങ്ങളായി*
  1. *ആഗസ്ത് 20 - ശാസ്ത്രസംബന്ധിയായ ഏത് കുറിപ്പുമാകാം.*
  2. *സെപ്റ്റംബർ 10 - സ്വാധീനിച്ച ശാസ്ത്രപുസ്തകം*
  3. *സെപ്തംബർ 22 - കാലാവസ്ഥാ വ്യതിയാനം .*
  4. *നവംബർ 1 ന് - കേരളത്തിന്റെ പരിസ്ഥിതി .*

## 2

### Ask.Luca.co.in
### ലൂക്കയോട് ചോദിക്കാം

**ശാസ്ത്രവിഷയങ്ങളിൽ ലൂക്ക ഓൺലൈൻ മാഗസിൻ ആരംഭിക്കുന്ന ചോദ്യോത്തര വെബ്പേജ് ആണിത്. എന്ത്, എന്തുകൊണ്ട്, എങ്ങിനെ എന്ന് ചോദിക്കാനും ഉത്തരം തേടാനും പ്രേരിപ്പിക്കുന്ന പരിപാടി. കുട്ടികൾക്കും മുതിർന്നവർക്കും ആർക്കും ask.luca.co.in എന്ന വെബ്സൈറ്റിൽ ചോദ്യം ചോദിക്കാം. തെരഞ്ഞെടുത്ത ചോദ്യങ്ങൾ ലൂക്കയിൽ നല്കും. ചോദ്യങ്ങൾക്ക് മറുപടി നൽകാനുള്ള അവസരവുമുണ്ടാകും.**
***ആഗസ്ത് 20 ന് ഇത് തുടക്കമാകും.***

## 3

### യുറീക്ക ശാസ്ത്രോത്സവം
### ശാസ്ത്രം ചെയ്യാം

**യു പി ഹൈസ്കൂൾ കുട്ടികൾക്കുള്ള പരിപാടി. ഏതെങ്കിലും ശാസ്ത്ര പരീക്ഷണം ചെയ്ത് അതിന്റെ വീഡിയോ എടുത്ത്, അയച്ച തരിക. മികച്ചവക്ക് സമ്മാനം നല്കും. പരമാവധി അഞ്ചു മിനിറ്റ്.**
***സെപ്തംബർ 22 (ഫാരഡെ ജന്മദിനം)- നവം 7 (മേരിക്യൂറി ദിനം) ന് ഫൈനൽ***

## 4

### കുരുക്കഴിക്കാമോ ?
### പ്രശ്നപരിഹാരം കാണൽ

**പ്രശ്നോത്തരികളുടെ പംക്തിയാണിത്. ആഴ്ചയിൽ ഒന്ന്. ഉത്തരവും വഴിയും ലൂക്കാ മെയിലിലേക്ക്. ശരിയുത്തരം നല്കിയവരുടെ പേരുകൾ അടുത്ത ചോദ്യത്തിനൊപ്പം ലൂക്കയിൽ. പ്രസിദ്ധ ഗണിതജ്ഞനും അധ്യാപകനുമായിരുന്ന നീൽസ് ഹെൻറിക്ക് ആബേലിന്റെ ജന്മദിനമായ** ***ആഗസ്ത് 25 ന് തുടക്കം. ആബേലിനെയും ആബേൽ പ്രൈസിനെയും പരിചയപ്പെടുത്തുന്ന ലേഖനം അന്ന് ലൂക്കയിൽ.***

## 5

### വായിച്ചാലും വായിച്ചാലും തീരാത്ത പുസ്തകം
### പ്രകൃതിനിരീക്ഷണം

**വീട് മുറ്റത്തെയും ചുറ്റുപാടിലെയും ഏതെങ്കിലും ഒരു ജീവിയെ സൂക്ഷ്മമായി നിരീക്ഷിച്ചും പുറമെനിന്ന് വിവരങ്ങൾ ശേഖരിച്ചും ഫോട്ടോ സഹിതം ചെറുകുറിപ്പ് /വീഡിയോ അയച്ചുതരിക. യു.പി -ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക്. സെപ്തംബർ 27(സൈലന്റ് സ്പ്രിംഗ് ) മുതൽ രണ്ടാഴ്ച. നവംബർ 12 (സലിം അലി) ന് ഫൈനൽ**

ശാസ്ത്രം പ്രവർത്തനത്തിൽ
SCIENCE IN ACTION
#ScienceInAction

**ജീവിതത്തിന്റെ നാനാ തുറകളിൽപ്പെട്ടവർ ശാസ്ത്രം ആഘോഷമാക്കുന്ന ഏതാനും ആഴ്ചകൾ നമുക്ക് വിഭാവനം ചെയ്താലോ?**

## 6

### ശാസ്ത്രം അതിജീവനത്തിന്
### കാലാവസ്ഥാ വ്യതിയാനവും കേരളവും-ആശയമേള

ഹയർസെക്കന്ററി, കോളേജ് തല വിദ്യാർത്ഥികൾക്ക്. നാട് നേരിടുന്ന ഒരു പ്രശ്നത്തെ ശാസ്ത്രീയമായി കൈകാര്യം ചെയ്യാൻ ഉള്ള ആശയം

1. സ്ലൈഡ് പ്രസന്റേഷൻ . പരമാവധി 10 സ്ലൈഡുകൾ.
2. സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്ന പ്രോജക്ടുകൾ
3. പഠന റിപ്പോർട്ടുകൾ

5 പേരടങ്ങുന്ന ഗ്രൂപ്പുകളായാണ് തയ്യാറാക്കേണ്ടത്.
*വിഷയം- കാലാവസ്ഥാ വ്യതിയാനവും കേരളവും* - ഹയർ സെക്കന്ററി - കോളേജ് വെവ്വേറെ. തയ്യാറാക്കിയവ ഒക്ടോബർ 20 ന് മുമ്പായി ലൂക്ക വിലാസത്തിൽ ലഭ്യമാകണം. ഏറ്റവും മികച്ചവയെ ഉൾപ്പെടുത്തി ഫൈനൽ. നവംബർ 1 മുതൽ 13 വരെ. 14 ന് വിജയികളെ പ്രഖ്യാപിക്കൽ സമ്മാനമായി പുസ്തകങ്ങൾ. /ഐ.ആർ.ടി.സി ഇന്റേൺഷിപ്പ്

## 7

### ഇത് ശാസ്ത്രമല്ല
### അശാസ്ത്രീയത കണ്ടെത്തൽ

ശാസ്ത്രപദങ്ങളും ശാസ്ത്രവാദങ്ങളും യുക്തിയും ഉള്ള വിവരണത്തിൽ അശാസ്ത്രീയത തിരുകിയതിനെ കണ്ടെത്തൽ. വിശദീകരണത്തോടെ. (സെപ്തംബർ 27 മുതൽ. -(കാൾ പോപ്പർ) ആഴ്ചയിൽ ഒന്ന്.
ആർക്കും മറുപടിനല്കാം. ശാസ്ത്രീയമായ വിശദീകരണം ലൂക്കയിൽ

## 8

### ശാസ്ത്രം ശ്രവിക്കാം
### പോഡ്കാസ്റ്റ് പരമ്പര

വിവിധ ശാസ്ത്രവിഷയങ്ങളിൽ ലഘുഅവതരണങ്ങൾ ഉൾപ്പെടുത്തി ലൂക്ക പോഡ്കാസ്റ്റ്, 5 മിനിറ്റ് ചെറു യൂട്യൂബ്, ഫേസ്ബുക്ക് വീഡിയോകൾ

## 9

### ശാസ്ത്രപുസ്തകങ്ങൾ
### ലോകത്തെ മാറ്റിമറിച്ച ശാസ്ത്രപുസ്തകങ്ങൾ

ശാസ്ത്ര ചരിത്രത്തിൽ നിർണ്ണായക വഴിത്തിരിവായി മാറിയ ശാസ്ത്രപുസ്തകങ്ങളെയും അതെഴുതിയ ശാസ്ത്രജ്ഞരേയും പരിചയപ്പെടുത്തുന്ന പംക്തി. സെപ്തംബർ 15 മുതൽ ആഴ്ചയിൽ ഒന്ന് ലൂക്കയിൽ.

## 10

### Science In Action for Covid19-ലൂക്ക കുറിപ്പുകൾ
### കോവിഡ് പ്രതിരോധത്തിന്റെ ശാസ്ത്രഗാഥ

കൊറോണ വൈറസിനെ കണ്ടെത്തിയതു മുതൽ കോവിഡ് 19 ന്റെ പ്രതിരോധത്തിന്റെ വിവിധ വശങ്ങൾ വികസിച്ചിന്റെ ഘട്ടങ്ങൾ ശാസ്ത്രത്തിന്റെ വികാസരീതിയും കഴിവും മനസ്സിലാക്കാൻ ഏറ്റവും അനുയോജ്യവും നമ്മിൽ ആത്മവിശ്വാസം വളർത്താൻ അനുയോജ്യവുമാണ്. അതിന്റെ വിവരണം- ലേഖന പരമ്പരയിലൂടെ. സെപ്തംബർ 5 മുതൽ ലൂക്കയിൽ.

### കലണ്ടർ.

| | |
|---|---|
| ആഗസ്റ്റ് 20 | പ്രൊഫൈൽ സ്വീകരിക്കൽ, ശാസ്ത്രമെഴുത്ത് |
| ആഗസ്റ്റ് 25 | പ്രശ്നോത്തരി |
| സെപ്തംബർ 10 | ശാസ്ത്ര പുസ്തക പരിചയം |
| സെപ്തംബർ 22 | ശാസ്ത്ര പരീക്ഷണം, ശാസ്ത്രമെഴുത്ത്-2 |
| സെപ്തംബർ 27 | പ്രകൃതി നിരീക്ഷണം, ഇത് ശാസ്ത്രമല്ല |
| ഒക്ടോബർ 20 | നമുക്ക് അതി ജീവിക്കാം- ലഭിക്കേണ്ട തീയതി |
| നവംബർ1 – 13 | അവതരണങ്ങൾ |
| നവംബർ 12 | പ്രകൃതി നിരീക്ഷണം ഫൈനൽ |
| നവംബർ 14 | ക്യാമ്പയിൻ ഫൈനൽ |

2 ശാസ്ത്രം പ്രവർത്തനത്തിൽ
SCIENCE IN ACTION

ജീവിതത്തിന്റെ നാനാ തുറകളിൽപ്പെട്ടവർ ശാസ്ത്രം ആഘോഷമാക്കുന്ന ഏതാനും ആഴ്ചകൾ നമുക്ക് വിഭാവനം ചെയ്താലോ?

#ScienceInAction